പതിനാലാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5789 25.5.2017 ലെ മറുപടിക്ക്

## മിനിമം കൂലി ഉറപ്പുവരുത്തി കയർ ഉല്പന്നങ്ങൾ സംഭരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>പ്രൊഫ.കെ.യു. അരുണൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായ രംഗത്തെ സാങ്കേതിക നവീകരണം മൂലം കയർ പിരിക്കാർക്കും നെയ്ത്തുകാർക്കും തൊഴിൽ നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | എ) കയർ വ്യവസായ രംഗം എല്ലാ നിയന്ത്രണങ്ങളും എടുത്തു മാറ്റി ആധുനികവത്ക്കിരക്കുമ്പോൾ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനും കൂലിയ്ക്കും യാതൊരുവിധ തടസ്സവും ഉണ്ടാകാതിരിക്കുവാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് വഴി സംഭരിക്കുന്നതാണ്. കൂടാതെ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴിയുള്ള ആനുകൂല്യവും കയർപിരി രംഗത്തെ പരമ്പരാഗത തൊഴിലാളികൾക്ക് തടസ്സം കൂടാതെ ലഭ്യമാക്കുന്നതാണ്. ഉൽപ്പന്നങ്ങൾ ഉത്പ്പാദിപ്പിക്കുന്ന സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം സംഭരിച്ചുവരികയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 2 ലക്ഷം ക്വിന്റൽ കയറും 200 കോടി രൂപയുടെ ഉൽപ്പന്നങ്ങളും സംഭരിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു. പരമ്പരാഗത നെയ്ത്തുകാർക്കും, കയർപിരിക്കാർക്കും തൊഴിൽ നഷ്ടം ഉണ്ടാകാതെ സംരക്ഷിക്കുന്നതിന് മേൽ സൂചിപ്പിച്ച നടപടികൾ ഉറപ്പുവരുത്തി മാത്രമേ സാങ്കേതിക നവീകരണം നടപ്പാക്കുകയുള്ളൂ |
| ബി) തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തി, അവർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വാങ്ങി സംഭരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | കയർ വ്യവസായ രംഗത്തെ പരമ്പരാഗത തൊഴിലാളികൾ സംഘങ്ങളിലൂടെ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും കയർഫെഡ് വഴി മിനിമം കൂലി ഉറപ്പാക്കി സർക്കാർ സംഭരിച്ചുവരുന്നു. ഈ കയർ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ സർക്കാർ ക്രയവില സ്ഥിരതാ പദ്ധതി വഴി കയർ കോർപ്പറേഷനിലൂടെ സംഭരിക്കുന്നു. ഈ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സർക്കാർ ഡിസ്ക്കൗണ്ട് നൽകുന്നു. 2016-17 സാമ്പത്തിക വർഷത്തെ ആദ്യ ബഡ്ജറ്റിൽ 17 കോടി വകയിരുത്തിയിരുന്ന ക്രയവില സ്ഥിരതാ ഫണ്ട് 77 കോടി രൂപയായി പുതുക്കിയ ബഡ്ജറ്റിൽ ഉയർത്തുകയും മുഴുവൻ തുകയും ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. 1 ലക്ഷം ക്വിന്റൽ കയറും 100 കോടി രൂപയുടെ കയറുൽപ്പന്നങ്ങളും സംഭരിക്കുന്നതിന് 2016-17 വർഷത്തിൽ കഴിഞ്ഞിട്ടുണ്ട്. |
| സി) കയർ കോർപ്പറേഷൻ, | കയർ അപ്പക്സ്/പൊതുമേഖലാ സ്ഥാപനങ്ങൾ വാങ്ങി |

| | |
|---|---|
| കയർഫെഡ് മുതലായ സ്ഥാപനങ്ങൾ വാങ്ങി സംഭരിക്കുന്ന കയർ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സംഭരിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഓണക്കാലത്ത് 100 താല്ക്കാലിക സ്റ്റാളുകൾ ആരംഭിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ഡിസ്ക്കൗണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഇത് കൂടാതെ സർക്കാർ ജീവനക്കാർക്ക് തവണ വ്യവസ്ഥയിൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും, ഡിസ്ക്കൗണ്ട് കൂപ്പണുകൾ വഴി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ കയർ ഉല്പന്നങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ